**കേരള സർക്കാർ**

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്- മാധ്യമ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ ( ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് -ഇ) വകുപ്പ്

സ:ഉ: (സാധാ).നം 15 /10/ 2010 ഐ&പി.ആർ തിരുവനന്തപുരം, തീയതി 16.1.2010

---

## ഉത്തരവ്

മാസ് കമ്മ്യൂണിക്കേഷൻ മേഖലയിലെ വിവധ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവർത്തന പരിചയം നേടുന്നതിന്റെ ഭാഗമായി ചുരുങ്ങിയകാലത്തേക്ക് ഇന്റേൺഷിപ്പ് അനുവദിക്കുന്നതിന് ഐ&പി.ആർ വകുപ്പിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വ്യക്തമായ നയവും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിച്ച് നടപ്പിലാക്കുന്നത് സർക്കാരിനും വിദ്യാർത്ഥികൾക്കും ഗുണപ്രദമായിരിക്കുമെന്ന് മനസ്സിലാക്കിയിട്ടുള്ള സാഹചര്യത്തിൽ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും ഉടനടി പ്രാബല്യത്തിൽ വരുത്തിക്കൊണ്ടും ഉത്തരവാകുന്നു.

1. സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിൽ മാസ് കമ്മ്യൂണിക്കേഷൻ മേഖലയിൽ ബിരുദ തലത്തിലൊ അതിനുമുകളിലൊ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലന സൗകര്യം അനുവദിക്കുന്നതാണ്.
2 പരമാവധി ഒരുമാസം മാത്രമേ സാധാരണഗതിയിൽ പരിശീലനത്തിനായി അനുവദിക്കുകയുള്ളു.
3. വകുപ്പിന്റെ ഏതെങ്കിലും രണ്ടു വിഭാഗങ്ങളിൽ മാത്രമെ പരിശീലനം അനുവദിക്കുകയുള്ളൂ. കഴിവതും ഏതെങ്കിലും ഒരു വിഭാഗത്തിൽ മാത്രം ഇതു പരിമിതപ്പെടുത്തുന്നതായിരിക്കും ഉചിതം.
4. പി. ആർ. ഡി ഡയറക്ടറേറ്റിലും ജില്ലാ ഇൻഫർമേഷൻ ഓഫിസുകളിലും പരിശീലനം അനുവദിക്കുന്നതാണ്. അനുവദിക്കുന്ന കേന്ദ്രത്തിൽ പരിശീലനം നേടേണ്ടതാണ്.
5. ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ പരിശീലനം അനുവദിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി അതാതു ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
6. പരിശീലനത്തിനെത്തുന്ന വിദ്യാർത്ഥികൾ വകുപ്പിന്റ ഇതു സംബന്ധിച്ചവ്യവസ്ഥകൾ പാലിക്കുന്നതാണെന്ന സമ്മതപത്രം ഉൾപ്പെടുന്ന പത്രിക ഒപ്പിട്ടുനല്കേണ്ടതാണ്.
7. അംഗീകൃത സർവ്വകലാശാലകൾ, ലാഭേഛയില്ലാതെ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ റഗുലർകോഴ്സ് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യുന്നതിന് അനുവാദം ഉണ്ടായിരിക്കും.
8. വകുപ്പിലെ ഇന്റേൺഷിപ്പ് സംബന്ധിച്ച കാര്യങ്ങളുടെ ചുമതല നിലവിൽ പരിശീലനത്തിന്റെ ചുമതലയുള്ള റിസർച്ച് ആന്റ് റഫറൻസ് വിഭാഗം ഇൻഫർമേഷൻ ഓഫീസർക്ക് ആയിരിക്കും.
9. ഇന്റേൺഷിപ്പിനായി വിദ്യാർത്ഥികൾ നിർദ്ദിഷ്ടഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

10. മാർഗ്ഗനിർദ്ദേശങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് ഐ. ആന്റ്. പി.ആർ വകുപ്പ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം )
ഷീലാ തോമസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(മീഡിയാ റിലേഷൻസ്, പ്രസിദ്ധീകരണം, പരസ്യം, ആഡിയോ വീഡിയോ കമ്മ്യൂണിക്കേഷൻ, വെബ് & ന്യൂ മീഡിയ)
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ( കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ)
ഡയറക്ടറേറ്റിലെ എല്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
കൾച്ചറൽ ഡെവലപ്പ്മെന്റ് ഓഫീസർ, ടാഗോർ തീയേറ്റർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, കേരള ഇൻഫർമേഷൻ ഓഫീസ്, ന്യൂഡൽഹി
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
സി.എ& ഡി.പി.ആർ/ എ.ഡി.പി.ആർ
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എയ്ക്ക
അക്കൗണ്ട് ഓഫീസർ
ചീഫ് ഫോട്ടോഗ്രാഫർ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Jalaja.R.S
സെക്ഷൻ ഓഫീസർ

1. Name of Applicant
2. Name of Institution where the student studies
3. Name of courses
4. Address of the Applicant with phone number &e-mail ID
5. Date of Birth
6. Number of days applied for internship
7. Name of section where internship is required (Maximum -2)
8. Would you like to undergo internship in DIO? Specify.
9. Name and address of the nominating authority with contact phone number
10. Details of fee remitted.

## DECLARATION

I.................................................................. ...........declare that the information given above is true to the best of my knowledge and I here by agree to abide the conditions of I&PRD to do internship in the section where I have been permitted.

Place.
Date.

Sd/-
Name of applicant